"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ഹരിദാസൻ.പി.സി, കൺസൽട്ടന്റ് (പീഡിയാട്രിക്സ്), ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട് - സർക്കാർ ഉത്തരവിന്മേൽ സമർപ്പിച്ച പുനഃപരിശോധന ഹർജി പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1078/2021/ആ.ക.വ  തീയതി,തിരുവനന്തപുരം, 14/05/2021

പരാമർശം:- 1 സ.ഉ (സാധാ) നം.1534/2019/ആകവ തീയതി 27-06-2019

2 സ.ഉ (സാധാ) നം.447/2021/ആകവ തീയതി 15.02.2021

3 ഡോ.ഹരിദാസൻ.പി.സി, കൺസൽട്ടന്റ് സമർപ്പിച്ച 21.02.2021-ലെ പുനഃപരിശോധനാ ഹർജി.

**ഉത്തരവ്**

വടകര ജില്ലാ ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗം കൺസൽട്ടന്റ്മാരിൽ ഏറ്റവും സീനിയറായ ഡോ.ഹരിദാസൻ.പി.സി.യെ 2019-ലെ പൊതുസ്ഥലമാറ്റത്തിൽ വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റുകയുണ്ടായി. ഈ ഉത്തരവിനെതിരെ ഡോ.ഹരിദാസൻ.പി.സി ബഹു.ട്രൈബ്യൂണൽ മുമ്പാകെ O.A (EKM) No.532/2019 ഫയൽ ചെയ്യുകയും, പ്രസ്തുത OA യിലെ വിധിന്യായത്തിൽ അപേക്ഷകന്റെ അപ്പീലിന്മേൽ GO(P)No.3/2017/P&ARD ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തീരുമാനമെടുക്കുവാൻ ബഹു:ട്രിബ്യൂണൽ ആരോഗ്യ വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ വിധിന്യായത്തിനെതിരെ അപേക്ഷകൻ ബഹു.ഹൈക്കോടതിയിൽ O.P (KAT) 172/2019 ഫയൽ ചെയ്യുകയും. പ്രസ്തുത കേസിലെ 12-04-2019 ലെ വിധിന്യായത്തിൽ അപേക്ഷകന്റെ അപ്പീൽ അപേക്ഷ ഒരു മാസത്തിനകം പരിഗണിക്കുവാൻ സർക്കാരിനോട് നിർദ്ദേശമുണ്ടായി. സർക്കാർ അപേക്ഷകനെ നേരിൽ കേൾക്കുകയുണ്ടായി. ഡോ.ഹരിദാസൻ.പി.സി വടകര ജില്ലാ ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗത്തിലെ ഏറ്റവും സീനിയറായ ഡോക്ടർ ആയതിനാൽ മറ്റു ജില്ലകളിലെ ഡോക്ടർമാരുടെ ട്രാൻസ്ഫർ അപേക്ഷ പരിഗണിക്കണമെങ്കിൽ ഡോ.ഹരിദാസിന്റെ സ്ഥലമാറ്റം പ്രാവർത്തികമാക്കണം എന്നതിനാൽ, ഡോ.ഹരിദാസൻ.പി.സി.യുടെ അപ്പീൽ അപേക്ഷ നിരസിച്ചു കൊണ്ട് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായി.

(2) തുടർന്ന് ഡോ.ഹരിദാസൻ.പി.സി ബഹു.ട്രിബ്യൂണൽ മുമ്പാകെ O.A(EKM) 1330/2019 ഫയൽ ചെയ്യുകയുണ്ടായി. കോഴിക്കോട് ജില്ലയിൽ തന്നേക്കാൾ സീനിയറായ ഡോക്ടർമാരുണ്ടെന്നും തനിക്ക് വൃക്ക സംബന്ധമായ അസുഖങ്ങളുണ്ടെന്നും ആ സാഹചര്യത്തിൽ തനിക്ക് ജില്ലയിൽ തന്നെ നിയമനം നൽകണമെന്നുമായിരുന്നു ഡോ.ഹരിദാസന്റെ ആവശ്യം. ടിയാനോട് 2020-ലെ പൊതുസ്ഥലമാറ്റത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം പുതിയ അപേക്ഷ നൽകുവാനും ആയത് പരിഗണിക്കാൻ സർക്കാരിനും ആരോഗ്യ വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകി പ്രസ്തുത O.A ബഹു.ട്രൈബ്യൂണൽ തീർപ്പാക്കുകയുണ്ടായി.

(3) 2020-ലെ പൊതു സ്ഥലമാറ്റത്തിനായി അപേക്ഷ ക്ഷണിച്ചപ്പോൾ ഡോ.ഹരിദാസൻ.പി.സി, തലശ്ശേരി ജനറൽ ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി എന്നിവയിലേക്കാണ് അപേക്ഷിച്ചത്. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-ൽ പൊതുസ്ഥലമാറ്റം നടക്കുകയുണ്ടായില്ല.

(4) ഡോ.ഹരിദാസൻ.പി.സി. ബഹു.ട്രൈബ്യൂണൽ മുമ്പാകെ വീണ്ടും O.A.1766/2020 ഫയൽ ചെയ്യുകയുണ്ടായി. ആയതിന്മേൽ 06-11-2020-ൽ ബഹു:ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ, ഡോ.ഹരിദാസൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൻമേൽ രണ്ട് മാസത്തിനകം തീരുമാനമെടുക്കുവാൻ സർക്കാരിനോട് ബഹു.ട്രിബ്യൂണൽ നിർദ്ദേശിക്കുകയുണ്ടായി. പൊതു സ്ഥലം മാറ്റത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ 03-03-2020-ലെ സ.ഉ (സാധാ) നം.480/2020/ആകുവ ഉത്തരവ് പ്രകാരം മെഡിക്കൽ ഓഫീസർ ജോലി ചെയ്യുന്ന സ്ഥാപനമായ മാനന്തവാടി ജില്ലാ ആശുപത്രിയിൽ മൂന്ന് വർഷത്തെ സേവനം പൂർത്തിയാകാത്തത് കൊണ്ടും പീഡിയാട്രിക്സ് വിഭാഗത്തിൽ കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഓപ്പൺ ഒഴിവുകൾ ഒന്നുമില്ലാത്തത് കൊണ്ടും പരാമർശം (2) ഉത്തരവ് പ്രകാരം ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ചു കൊണ്ട് ബഹു.ട്രൈബ്യൂണൽ ഉത്തരവ് അനുപാലിക്കുകയുണ്ടായി.

(5) സർക്കാർ തീരുമാനം പുന:പരിശോധിക്കണം എന്നാവശ്യപ്പെട്ട് ഡോ.ഹരിദാസൻ.പി.സി. പരാമർശം (3) പ്രകാരം പുനഃപരിശോധനാ ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയിൽ 2020-ലെ പൊതുസ്ഥലമാറ്റത്തിന്റെ വേളയിൽ കോഴിക്കോട് ജില്ലാ ആശുപത്രിയിലും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലും ഒഴിവുകൾ ഉണ്ടായിരുന്നുവെന്നും എന്നാൽ ഡോ.പ്രസീത.പി, ഡോ.മിനി എന്നിവരെ പ്രസ്തുത പോസ്റ്റുകളിലേക്ക് പരസ്പര സ്ഥലമാറ്റം നൽകി നിയമിക്കുകയുണ്ടായെന്നും കോഴിക്കോട് ജില്ലാ ആശുപത്രിയിലെ ഡോ.സഹജനെ തലശ്ശേരി ജനറൽ ആശുപത്രിയിലേക്ക് മാറ്റി നിയമിക്കുകയുണ്ടായെന്നും അറിയിക്കുകയുണ്ടായി. തലശ്ശേരി ജനറൽ ആശുപത്രിയിൽ മൂന്ന് വർഷത്തിന് മുകളിലായി സേവനമനുഷ്ഠിക്കുന്ന ഡോ.ബാലകൃഷ്ണൻ.എ

ഉണ്ടെന്നും വാസസ്ഥലമായ വടകരയിൽ നിന്നും 90 KM ദിവസം വണ്ടിയോടിച്ച് മാനന്തവാടി വരെ പോകുന്നത് കാരണം Hip joint arthritis ഉണ്ടായെന്നും കൂടാതെ Kidney Stone-ന്റെ പ്രശ്നങ്ങളുണ്ടെന്നും അതോടൊപ്പം ഭാര്യ തൈറോയ്ഡ് കാൻസറിന്റെ ചികിത്സയിലാണെന്നും ഡോ.ഹരിദാസൻ അപേക്ഷയിൽ അറിയിച്ചിട്ടുണ്ട്. വിരമിക്കുവാൻ ഇനി രണ്ട് വർഷവും അഞ്ച് മാസവും മാത്രമേ ബാക്കിയുള്ളുവെന്നും ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് തലശ്ശേരി ജനറൽ ആശുപത്രിയിൽ നിയമനം നൽകണമെന്നുള്ളതാണ് ഡോ.ഹരിദാസൻ സമർപ്പിച്ച റിവ്യൂ അപേക്ഷയിലെ ആവശ്യം.

(6) ഡോ.ഹരിദാസൻ.പി.സി യെ 31-03-2021-ന് ചുവടെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ നേരിൽ കേൾക്കുകയുണ്ടായി. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് ഉൾപ്പെടെ രണ്ട് ഉദ്യോഗസ്ഥരും ഹിയറിംഗ് വേളയിൽ ഹാജരാകുകയുണ്ടായി. പുനഃപരിശോധന ഹർജിയിൽ സൂചിപ്പിച്ചിരുന്ന അപേക്ഷകന്റേയും ഭാര്യയുടെയും ആരോഗ്യ പ്രശ്നങ്ങൾ ഹിയറിംഗ് സമയത്തും ആവർത്തിക്കുകയുണ്ടായി. അതോടൊപ്പം റിവ്യൂ അപേക്ഷയിൽ പരാമർശിച്ചിരുന്ന ഡോ.പ്രസീത.പി, ഡോ.സഹജൻ എന്നിവർ കോഴിക്കോട് ഗവ.ജനറൽ ആശുപത്രിയിൽ യഥാക്രമം 26-06-2015, 27-05-2016 എന്നീ തീയതികൾ മുതൽ ജോലിയിൽ തുടർന്നിരുന്നതായും ഡോ.ബാലകൃഷ്ണൻ.എ 03-01-2014 മുതൽ തലശ്ശേരി ജനറൽ ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്നതായുമുള്ള വിവരവകാശ രേഖകളും സമർപ്പിക്കുകയുണ്ടായി. വിരമിക്കുവാൻ രണ്ടര വർഷത്തിൽ താഴെ മാത്രം കാലയളവ് അവശേഷിക്കുന്നതുകൊണ്ട് ആരോഗ്യപ്രശ്നങ്ങൾ മുൻനിർത്തിയും സൗകര്യപ്രദമായി ഒരു സ്ഥലമാറ്റം നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി.

(7) 2019-ലെ പൊതു സ്ഥലംമാറ്റത്തിൽ വടകര ജില്ലാ ആശുപത്രിയിലെ ഏറ്റവും സീനിയർ ഡോ.ഹരിദാസൻ.പി.സി. ആയതിനാലും, ജില്ലയ്ക്ക് പുറത്ത് നിന്നുള്ള ഡോക്ടർമാരുടെ സ്ഥലംമാറ്റ അപേക്ഷ ഉണ്ടായിരുന്നതിനാലുമാണ് ഡോ.ഹരിദാസിന്റെ അപ്പീൽ പരിഗണിക്കാത്തതെന്നും 2020-ലെ പൊതു സ്ഥലമാറ്റത്തിൽ മാനന്തവാടി ജില്ലാ ആശുപത്രിയിൽ മൂന്ന് വർഷം തികയാത്തതിനാലും ആവശ്യപ്പെട്ടിരുന്ന സ്ഥാപനങ്ങളിൽ ഒഴിവുകൾ ഇല്ലായിരുന്നതിനാലുമാണ് മെഡിക്കൽ ഓഫീസറുടെ അപേക്ഷ നിരസിച്ചതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ഹിയറിംഗിൽ ബോധിപ്പിക്കുകയുണ്ടായി.

(8) ഡോ.ഹരിദാസൻ.പി.സി., തന്റെ രോഗാവസ്ഥ സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ പുനഃപരിശോധനാ ഹർജിയോടൊപ്പം ഹാജരാക്കിയിരുന്നു. കൂടാതെ ഭാര്യ ക്യാൻസർ രോഗിയാണെന്ന് അറിയിച്ചിരുന്നു. ഡോക്ടറുടെ വിരമിക്കൽ തീയതി 31-07-2023 ആണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് മാനന്തവാടി ജില്ലാ ആശുപത്രിയിലെ പീഡിയാട്രിക് കൺസൾട്ടന്റ് ഡോ.ഹരിദാസൻ.പി.സി-യുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച്,

പീഡിയാട്രിക് വിഭാഗം കൺസൾട്ടന്റ് ഡോ.ഹരിദാസൻ.പി.സി-യെയും 03-01-2014 AN മുതൽ തലശ്ശേരി ജനറൽ ആശുപത്രിയിൽ ജോലി നോക്കുന്ന പീഡിയാട്രിക് വിഭാഗം കൺസൾട്ടന്റ് ഡോ.ബാലകൃഷ്ണൻ.എ-യെയും പരസ്പരം സ്ഥലം മാറ്റം നൽകി നിയമിച്ച്, ഡോ.ഹരിദാസൻ.പി.സി-യുടെ പുനഃപരിശോധനാ ഹർജി അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമേഷ് ജി ആർ**

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്::-

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), വയനാട്/കണ്ണൂർ.

ഡോ.ഹരിദാസൻ.പി.സി, കൺസൾട്ടന്റ് (പീഡിയാട്രിക്സ്), ജില്ലാ ആശുപത്രി, മാനന്തവാടി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ

മേലെഴുതിന് നം. ഇ.എ, - 7790/19/ആരസ, തീയതി: 04.06.2021

അറിവിലേക്കും ആവശ്യനടപടികൾക്കുമായി പ്രേഷണീകരിക്കുന്നു.

(signature)

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി.